"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീമതി. ശോഭന പി.കെ (W/o. Late ചന്ദ്രൻ വി.പി, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II, ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്) - ന് ആരോഗ്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് നിയമനാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.442/2025/H&FWD തീയതി,തിരുവനന്തപുരം, 27-12-2025

---

പരാമർശം:-

1. സ.ഉ.(പി) നം.12/99/ഉഭപവ തീയതി 24.05.1999.
2. സ.ഉ.(പി) നം.37/2011/ഉഭപവ തീയതി 15.12.2011.
3. സ.ഉ.(കൈ)നം.127/2017/ആ.കു.വ തീയതി 26.08.2017.
4. ശ്രീമതി.ശോഭന പി.കെ സമർപ്പിച്ച 23.08.2024 തീയതിയിലെ അപേക്ഷ.
5. ശ്രീമതി. കാവ്യമോൾ വി.പി സമർപ്പിച്ച 23.08.2024 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.11.2024-ലെ DHS/22967/2024-EH4 നമ്പർ കത്ത്.
7. സ.ഉ.(പി) നം.4/2025/പി&എ.ആർ.ഡി തീയതി 29.03.2025.

**<u>ഉത്തരവ്</u>**

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്- II തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട ചന്ദ്രൻ വി.പി.-യുടെ ഭാര്യ ശ്രീമതി. ശോഭന പി.കെ-യ്ക്ക് ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനാനുമതി നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ഇതുവരെ നിയമനം ലഭിച്ചിട്ടില്ലാത്തതിനാലും പ്രായാധിക്യം കൊണ്ടുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഉള്ളതിനാലും ടി ഉത്തരവ് റദ്ദാക്കി മകളായ ശ്രീമതി. കാവ്യമോൾ വി.പി -യ്ക്ക് ആശ്രിത നിയമനം നല്കണമെന്നുള്ള ശ്രീമതി. ശോഭന പി.കെ യുടെ പരാമർശം (4) അപേക്ഷയും ആശ്രിത നിയമനത്തിനുള്ള ശ്രീമതി. കാവ്യമോൾ വി.പി- യുടെ പരാമർശം (5) അപേക്ഷയും പ്രകാരം പരാമർശം (6) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 26, പരാമർശം (2) ഉത്തരവ്, പരാമർശം (7) ഉത്തരവിലെ ഖണ്ഡിക XII- എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്- II

ആയി സേവനത്തിലിരിക്കെ മരണപ്പെട്ട ചന്ദ്രൻ വി.പി.-യുടെ മകൾ ശ്രീമതി. കാവ്യമോൾ വി.പി-യ്ക്ക് ആശ്രിത നിയമനം നൽകുന്നത് പരിഗണിക്കുന്നതിലേയ്ക്കായി, ചന്ദ്രൻ വി.പി.-യുടെ ഭാര്യ ശ്രീമതി. ശോഭന പി.കെ-യ്ക്ക് ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് അനുമതി നൽകിയിരുന്ന പരാമർശം (3) ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ശ്രീമതി. ശോഭന. പി.കെ, കുടിലാട്ടുപുറായിൽ (H), പാറന്നൂർ പി.ഒ, നരിക്കുനി, കോഴിക്കോട് - 673 585.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്.

ജില്ലാ മെഡിക്കൽ ഓഫീസർ, കാസറഗോഡ്.

ജില്ലാ കളക്ടർ, കോഴിക്കോട്.

സൂപ്രണ്ട്, ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് (17.11.2025 തീയതിയിലെ RuleA3/95/2025-P&ARD നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി - (F2/349/2024-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 27-12-2025 12:42:35

സെക്ഷൻ ഓഫീസർ